(ഡി) പ്രമോഷൻ അവകാശങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പലിശ സബ്സിഡി

1870 [2913] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പാ ഗഡുക്കളും മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്ന സമ്പ്രദായം ഇപ്പോഴും ഉണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ ഓരോ വർഷവും സബ്സിഡി ഇനത്തിൽ നൽകിയ തുക എത്രവീതം?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982-83 മുതൽ 1986-87-ൽ ഇതേവരെ ഓരോവർഷവും കാർഷിക വായ്പയ്ക്കുള്ള 5 ശതമാനം പലിശ സബ്സിഡി ഇനത്തിൽ നൽകിയ തുകയുടെ മൊത്ത കണക്ക് ഇപ്രകാരമാണ്.

1982-83— 41.450 ലക്ഷം രൂപ
1983-84—655.535 ,,
1984-85—379.810 ,,
1985-86—550.000 ,,
1986-87—420.000 ,,

അവാർഡിനർഹരാകുന്ന വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ

1871 [2914] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന അവാർഡുകൾക്ക് അർഹരാകുന്ന സർക്കാർ അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അവാർഡിനർഹരാകുന്ന വികലാംഗർക്കും നൽകുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഇല്ല.

വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

1872 [2915] ശ്രീ. പി. വി. മുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, സി. ടി. അഹമ്മദ് അലി:
,, പി. എം. അബൂബക്കർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഒന്നാം ക്ലാസ്സു മുതൽ എട്ടാം ക്ലാസ്സു വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് 1983-84, 1984-85 1985-86 വർഷങ്ങളിൽ അനുവദിച്ച സ്കോളർഷിപ്പിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) 1985-86 ലെ വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ് മലപ്പുറം ജില്ലയിൽ ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്കോളർഷിപ്പ് ഉടനെ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) നടപടികളെടുത്തുവരുന്നു.

വികലാംഗരായ സ്കൂൾ കുട്ടികൾക്കുള്ള സ്റ്റേറ്റ് ഗവൺമെന്റ് സ്കോളർഷിപ്പ്

1873 [2916] ശ്രീ. ടി. കെ. ആറുമുഖൻ :
വി. ജെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ വികലാംഗരായ സ്കൂൾ കുട്ടികൾക്ക് സ്റ്റേറ്റ് ഗവൺമെന്റ് സ്കോളർഷിപ്പ് ഏതു വർഷം വരെ നൽകിയിട്ടുണ്ട് ;

(ബി) ഇനി ഏതെല്ലാം വർഷങ്ങളിലെ സ്കോളർഷിപ്പ് നൽകാനുണ്ട്. നൽകാത്തതിനുള്ള കാരണമെന്ത് ;

(സി) പ്രസ്തുത സ്കോളർഷിപ്പ് തുക എന്നത്തേയ്ക്ക് നൽകാൻ കഴിയും ;

(ഡി) 8-ാം ക്ലാസ് മുതലുള്ള കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ഏതുവർഷം വരെ കൊടുത്തിട്ടുണ്ട് ;

(ഇ) ആരുടെയെങ്കിലും അപേക്ഷയിൻമേൽ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടോ ;

(എഫ്) എങ്കിൽ എത്ര പേരുടെ ?

ഉത്തരം

(എ) 8-ാം ക്ലാസുവരെയുള്ള വികലാംഗരായ കുട്ടികൾക്കുള്ള സ്റ്റേറ്റ് ഗവൺമെന്റ് സ്കോളർഷിപ്പ് 1983-84 വർഷം വരെ നൽകിയിട്ടുണ്ട്.

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—VII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2915) കാണുക]

1983—1984

	ജില്ലയുടെ പേര്	കുട്ടികളുടെ എണ്ണം	അനുവദിച്ച തുക (രൂപ)
1.	തിരുവനന്തപുരം	1,262	5,17,995
2.	കൊല്ലം	1,182	4,75,415
3.	ആലപ്പുഴ	855	3,50,480
4.	കോട്ടയം	452	1,87,540
5.	ഇടുക്കി	111	46,650
6.	എറണാകുളം	543	2,19,865
7.	തൃശ്ശൂർ	653	2,73,705
8.	പാലക്കാട്	309	1,23,975
9.	മലപ്പുറം	449	1,77,540
10.	കണ്ണൂർ	608	2,44,535
11.	കോഴിക്കോട്	874	3,70,110
12.	വയനാട്		

	ജില്ലയുടെ പേര്	1984—85		1985—86	
		കുട്ടികളുടെ എണ്ണം	അനുവദിച്ച തുക (രൂപ)	കുട്ടികളുടെ എണ്ണം	അനുവദിച്ച തുക (രൂപ)
1.	തിരുവനന്തപുരം	1399	4,98,375	1250	5,00,000
2.	കൊല്ലം	1273	4,39,790	791	3,23,250
3.	പത്തനംതിട്ട				
4.	ആലപ്പുഴ	834	3,08,565	554	2,30,000
5.	കോട്ടയം	419	1,83,110	359	1,60,000
6.	ഇടുക്കി	97	0,43,145	68	0,29,025
7.	എറണാകുളം	474	1,97,935	370	1,54,605
8.	തൃശ്ശൂർ	688	2,40,890	248	1,02,050
9.	പാലക്കാട്	373	1,52,745	332	1,37,125
10.	കോഴിക്കോട്	795	3,06,350	522	2,23,000
11.	മലപ്പുറം	469	1,88,735	429	1,88,900
12.	വയനാട്	81	0,27,800	81	0,27,800
13.	കണ്ണൂർ	569	2,32,615	486	2,03,995
14.	കാസർകോട്				

LIBRARY ARCHIVES Kerala Legislative Assembly